DESPATCHED
On 29/06/2020
ജീ/2/20


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in


ഹർജി നമ്പർ**AP.No.2222(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 11764/SIC-G7/2018**

സന്നിഹിത
ശ്രീമതിശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

**ശ്രീ. ബിനു വി. എസ്,**
**വലിയ പറമ്പിൽ കോളനി,**
**നേര്യമംഗലം പി.ഒ,**
**എറണാകുളം – 686 693.**

} **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,**
**നേര്യമംഗലം, എറണാകുളം.**

**അപ്പീൽഅധികാരി & ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
**ആനമലൈ ഫോറസ്റ്റ് ഡിവിഷൻ,**
**ദേവികുളം, ഇടുക്കി.**

} **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 11.06.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 10.07.2018 |
| ഒന്നാംഅപ്പീൽ | 16.07.2018 |
| അപ്പീൽ അധികാരിയുടെതീരുമാനം | 21.08.2018 |
| രണ്ടാംഅപ്പീൽ | 15.10.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 18.11.2019,കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു. |

1. അപ്പീൽഹർജിക്കാരൻ ശ്രീ. ബിനു. വി. എസ് 11.06.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയും 16.07.2018 ലെ ഒന്നാം അപ്പീലും വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ)(എച്ച്) എന്നിവ പ്രകാരം നിരസിച്ചിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കണമെന്ന് എന്നാവശ്യപ്പെട്ടു കൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

2. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിലെ കെ.എൽ. 01 എഎം 4940 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പകർപ്പ്, ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിലെ സ്റ്റാഫ് ആയിരുന്ന ശ്രീ. കെ. എ. റഹീം, സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ വീട്ട് അഡ്രസ്സ് എന്നിവ ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷയിൻമേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ വിളിച്ച് വരുത്തി ചോദിച്ചതിൽ ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിൽ 21.02.2018 തീയതി രജിസ്റ്റർ ചെയ്തിരുന്ന ഒ. ആർ 03/2018 നമ്പർ കേസിലെ പ്രതികളിൽ നിന്നും ടിയാന് നിരന്തരം ഭീഷണി ഉണ്ടായിട്ടുള്ളതായും ആയതിന് ഊന്നുകൾ പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തിട്ടുള്ളതാണെന്നും ആയതിനാൽ വീട്ട് അഡ്രസ് നൽകരുതെന്ന് ടിയാൻ അറിയിച്ചിരുന്നു എന്നും തുടർന്ന് വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1) (ജെ) പ്രകാരം വിവരം നിക്ഷേധിച്ചിരുന്നു എന്നുമാണ് റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്.

3. കൂടാതെ 20.02.2018 മുതൽ 27.02.2018 വരെയുള്ള തീയതികളിൽ കെ. എൽ. 01 എ എം 4940 നമ്പർ വാഹനം ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ. ആർ 03/2018 നമ്പർ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി സഞ്ചരിച്ചിട്ടുള്ളതിനാലും ടി കേസിന്റെ അന്വേഷണം പൂർത്തികരിക്കുവാനുള്ളതിനാലും അന്വേഷണ ഉദ്യോഗസ്ഥരുടെയും അന്വേഷണവുമായി ബന്ധപ്പെട്ട് വിവരം നൽകിയവരെ കുറിച്ച് സൂചന ലഭിക്കുവാൻ സാധ്യതയുള്ളതിനാലും വിവരം നൽകിയിട്ടില്ല എന്നും അറിയിക്കുന്നുണ്ട്.

4. എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും പരിശോധിക്കുമ്പോൾ ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.3/2018 നം കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി സഞ്ചരിച്ചിട്ടുള്ളതിനാൽ കേസിനെ ബാധിക്കുമെന്നതിനാലും ജീവന് ഭീഷണി ഉള്ളതിനാലും ലോഗ് ബുക്ക്, വീട്ട് അഡ്രസ്സ് എന്നിവ നൽകിയില്ല എന്നത് കമ്മീഷൻ വിശ്വാസത്തിലെടുക്കുന്നു. എന്നിരുന്നാലും ഇപ്പോൾ കേസ് അന്വേഷണം കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇഞ്ചത്തൊടി ഫോറസ്റ്റ് സ്റ്റേഷനിലെ കെ.എൽ. 01 എഎം 4940 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പകർപ്പ് അപ്പീൽഹർജിക്കാരന് നൽകേണ്ടതാണെന്ന് എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഒപ്പം വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ ഔദ്യോഗിക വിലാസത്തോടൊപ്പം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നു കൂടി രേഖപ്പെടുത്തുവാൻ ഒന്നാം എതിർകക്ഷി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

5. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2020 ഫെബ്രുവരി മാസം 24 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)

ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി